# കേരള സർക്കാർ

**സംഗ്രഹം**

സെക്രട്ടറിയേററ് – എസ്ററാബ്ലിഷ്മെൻറ് – അഡ്മിനിസ്ട്രേററീവ് സെക്രട്ടേറിയേററിലെ സെക്ഷൻ ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമന സംപ്രദായവും യോഗ്യതയും–ബിരുദധാരികളായ ടൈപ്പിസ്ററ്/കോൺഫിഡൻഷ്യൽ അസിസ്ററൻറ് വിഭാഗങ്ങളിൽപ്പെട്ടവർക്ക് ബാധകമാക്കിയ വയസ് സംബന്ധിച്ച വ്യവസ്ഥ, യോഗ്യതാ നിർണ്ണയ പരീക്ഷ പാസ്സായ ടൈപ്പിസ്റ്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റൻറുമാർക്കും ബാധമാക്കി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സർവ്വീസസ്–ഇ) വകുപ്പ്**

സർക്കാർ ഉത്തരവ് (പി) നമ്പർ 404/2002/ജി.എ.ഡി. തിരുവനന്തപുരം, 2002 ഡിസംബർ 7.

---

പരാമർശം:–
1. 17.6.1988–ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 219/88/ജി.എ.ഡി.
2. 5.6.1989–ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 138/89/ജി.എ.ഡി.
3. 19.3.1998–ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 132/98/ജി.എ.ഡി.

## ഉത്തരവ്

അഡ്മിനിസ്ട്രേററീവ് സെക്രട്ടേറിയേററിലെ സെക്ഷൻ ഓഫീസർ തസ്തികയിലേക്ക് നിയമനം നടത്തിവരുന്നത് മുകളിൽ ഒന്നാമതായു്, രണ്ടാമതായും പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമാമ്. ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് വിഭാഗങ്ങളിൽ നിന്നും തസ്തികമാററം വഴി സെക്ഷൻ ആഫീസർ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന യോഗ്യതാ നിർണ്ണയ പരീക്ഷ പാസ്സാവുകയും, അതിനുശേഷം ഒരു വർഷം അസിസ്റ്റൻറ് ട്രെയിനിയായി പരിശീലനം തൃപ്തികരമായി പൂർത്തിയാക്കിയിരിക്കേണ്ടതുമാണ്.

2. എന്നാൽ പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം ബിരുദധാരികളായ ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് വിഭാഗങ്ങളിൽപ്പെട്ടവരെ സെക്ഷൻ ആഫീസർ തസ്തികയിൽ നിയമനത്തിനായുള്ള യോഗ്യതാ നിർണ്ണയ പരീക്ഷ പാസ്സാവണമെന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഉത്തരവിലെ നിബന്ധന (സി) പ്രകാരം എല്ലാ വിധത്തിലും യോഗ്യത നേടിയ ബിരുദധാരിയായ ടൈപ്പിസ്റ്റിനോ, കോൺഫിഡൻഷ്യൽ അസിസ്റ്റൻറിനോ, സെക്ഷൻ ആഫീസർ ആയി നിയമനം ലഭിക്കാനുള്ള ഊഴം വരുന്നേപാൾ അവരുടെ വയസ്സ്, സെക്ഷൻ ആഫീസറായി അടുത്ത് നിയമനം ലഭിക്കേണ്ട അസിസ്റ്റൻറിൻെറ വയസ്സിന് തുല്യമോ കുറവോ ആയിരുന്നാൽ പ്രസ്തുത അസിസ്റ്റൻറിനു മുൻപായി ഇത്തരത്തിലുള്ള ടൈപ്പിസ്റ്റിനോ, കോൺഫിഡൻഷ്യൽ അസിസ്റ്റൻറിനോ സെക്ഷൻ ആഫീസറായി നിയമനം നൽകുന്നതല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

3. 17–6–1988–ലെ സർക്കാർ ഉത്തരവിലെ വയസ്സ് സംബന്ധിച്ച വ്യവസ്ഥ ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് വിഭാഗങ്ങളിൽ നിന്നും സെക്ഷൻ ആഫീസർ തസ്തികയിലേക്കുള്ള നിയമനത്തിനായി പാലിച്ചുവരുന്നുണ്ടെങ്കിലും, മേൽപ്പറഞ്ഞ വയസ്സ് സംബന്ധിച്ച വ്യവസ്ഥ യോഗ്യതാ നിർണ്ണയ പരീക്ഷ പാസ്സായ നോൺ ഗ്രാജ്വേററ് ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് വിഭാഗങ്ങളിൽപ്പെട്ടവർക്കും ബാധകമാണോ എന്ന കാര്യം സർക്കാർ ഉത്തരവുകളിൽ പ്രത്യേകം വ്യക്തമാക്കിയിട്ടില്ലാതിരുന്നത് ഇതു സംബന്ധിച്ച് പലവിധ സംശയങ്ങൾക്കും വ്യവഹാരങ്ങൾക്കും ഇടവരുത്തിയിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബിരുദധാരികളായ ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് വിഭാഗങ്ങളിൽപ്പെട്ടവർക്ക് ബാധകമാക്കിയ വയസ്സ് സംബന്ധിച്ച വ്യവസ്ഥ, യോഗ്യതാ നിർണ്ണയ പരീക്ഷ പാസ്സായ നോൺ ഗ്രാജ്വേററ് ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് വിഭാഗങ്ങൾക്കും കൂടി ബാധകമാണെന്ന കാര്യം വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കേണ്ടത് ഇക്കാര്യം സംബന്ധിച്ച സംശയനിവാരണത്തിന് ആവശ്യമാണെന്ന് സർക്കാരിന് ബോദ്ധ്യമായി. ആയതിനാൽ ഇക്കാര്യം വ്യക്തമാക്കിക്കൊണ്ട് താഴെപ്പറയും പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. എല്ലാ വിധത്തിലും യോഗ്യത നേടിയ ബിരുദധാരികളായ ടൈപ്പിസ്റ്റിനോ കോൺഫിഡൻഷ്യൽ അസിസ്റ്റൻറിനോ സെക്ഷൻ ആഫീസറായി നിയമനം ലഭിക്കുന്നതിനുള്ള അവരുടെ ഊഴം വരുമ്പോൾ അവരുടെ വയസ്സ്, സെക്ഷൻ ആഫീസറായി അടുത്ത് നിയമനം ലഭിക്കേണ്ട സെലക്ഷൻ ഗ്രേഡ്/സീനിയർ ഗ്രേഡ് അസിസ്റ്റൻറിൻെറയോ ഒന്നാം ഗ്രേഡ് അസിസ്റ്റൻറിൻെറയോ വയസ്സിന് തുല്യമോ കുറവോ ആയിരുന്നാൽ പ്രസ്തുത അസിസ്റ്റൻറിനു മുൻപായി ഇത്തരത്തിലുള്ള ടൈപ്പിസ്റ്റിനോ കോൺഫിഡൻഷ്യൽ അസിസ്റ്റൻറിനോ സെക്ഷൻ ആഫീസറായി നിയമനം നൽകുന്നതല്ലെന്ന 17–6–1988–ലെ സർക്കാർ ഉത്തരവ് നമ്പർ (പി) 219/88/ജി.എ.ഡി.യിലെ ഖണ്ഡിക (സി)യിലെ വ്യവസ്ഥ, യോഗ്യതാ നിർണ്ണയ പരീക്ഷ പാസ്സായ നോൺ ഗ്രാജ്വേററ് ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് വിഭാഗങ്ങളിൽപ്പെട്ടവർക്കും സെക്ഷൻ ആഫീസർ തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിന് ബാധകമായിരിക്കും.

ഒപ്പ്
ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ലിസ്സി ജേക്കബ്**
പ്രിൻസിപ്പൽ സെക്രട്ടറി.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖകത്തു സഹിതം)
പൊതുഭരണ (അക്കൗണ്ട്സ് - ഡി, ഇ.എച്ച്.) (എസ്.എസ്) (സ്പെഷ്യൽ–എ, ബി, സി) (സർവ്വീസസ്–എ) വകുപ്പുകൾ.
ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (റൂൾസ്/അഡ്വൈസ്–എ) വകുപ്പ്.
രജിസ്ട്രാർ, കേരള/കാലിക്കട്ട്/കൊച്ചി/കണ്ണൂർ/മഹാത്മാഗാന്ധി സർവ്വകലാശാല
പൊതുഭരണ (എസ്.സി.) വകുപ്പ് 27–11–2002–ലെ 82–ാം നമ്പർ കൗൺസിൽ തീരുമാനമനുസരിച്ച്.
സെക്രട്ടറി, കേരള നിയമസഭ സെക്രട്ടേറിയററ് (ആമുഖകത്തുസഹിതം)
അഡ്മിനിസ്ട്രേററീവ് സെക്രട്ടേറിയററിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും/ഡെപ്യൂട്ടി സെക്രട്ടറി തൊട്ട് മുകളിലുള്ള എല്ലാ ഓഫീസർമാർക്കും.
പി.എ.ററു. പ്രിൻസിപ്പൽ, സെക്രട്ടറി, ധനകാര്യ വകുപ്പ്.

**പകർപ്പ്**

ജനറൽ സെക്രട്ടറി, കേരള സെക്രട്ടേറിയററ് അസോസിയേഷൻ.
ജനറൽ സെക്രട്ടറി, കേരള സെക്രട്ടറിയേററ് എംപ്ലോയീസ് അസോസിയേഷൻ.
സെക്രട്ടറി, കേരള സെക്രട്ടറിയേററ് എൻ.ജി.ഒ. അസോസിയേഷൻ.
ജനറൽ സെക്രട്ടറി, സെക്രട്ടേറിയററ് കോൺഫിഡൻഷ്യൽ അസിസ്റ്റൻറ്സ് അസോസിയേഷൻ.
ജനറൽ സെക്രട്ടറി, സെക്രട്ടേറിയററ് സ്റ്റാഫ് അസോസിയേഷൻ.